ചെയ്തിട്ടുണ്ട്. കിറ്റ്കോ-യുടെ സാധ്യതാ പഠന റിപ്പോർട്ടുപ്രകാരം പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് ആകെ 3502.17 ലക്ഷം രൂപ ചെലവുവരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഈ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

## ഹാരിസൺ മലയാളം കമ്പനി അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർഭൂമി

88(4956) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാരിസൺ മലയാളം കമ്പനി അനധികൃതമായി കൈവശംവച്ചിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് നിയമ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

നിയമ വകുപ്പിൽ, ഭരണവകുപ്പിൽനിന്നും അയയ്ക്കുന്ന നിയമോപദേശം, നിയമ നിർമ്മാണം മുതലായവ സംബന്ധിച്ച ഫയലുകളിൽ അഭിപ്രായം നൽകുക എന്ന ചുമതലയാണ് നിക്ഷിപ്തമായിട്ടുള്ളത്. ചോദ്യത്തിൽ പരാമർശിച്ചപ്രകാരം ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത് നിയമ വകുപ്പിന്റെ അധികാര പരിധിയിൽപ്പെടുന്നതല്ല. ആയത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നത് നിയമവകുപ്പിൽനിന്നും അല്ല. ബന്ധപ്പെട്ട ഭരണവകുപ്പാണ് അപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടത്.

## അഭിഭാഷകരുടെ ക്ഷേമത്തിനായി നടപടിക്രമങ്ങൾ

89(4957) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭിഭാഷകരുടെ ക്ഷേമത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) എൻറോൾമെന്റ് കഴിഞ്ഞ് പ്രാക്ടീസ് ആരംഭിക്കുന്ന പുതിയ അഭിഭാഷകരുടെ ക്ഷേമത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ)

1. അഭിഭാഷക ക്ഷേമനിധിയിൽ 15 വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കി പ്രാക്ടീസ് നിർത്തുന്ന ഒരംഗത്തിന് യഥാർത്ഥ പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും 14,285 രൂപ എന്ന നിരക്കിൽ പരമാവധി 5 ലക്ഷം രൂപ നിധിയിൽനിന്നും അനുവദിച്ചുവന്നിരുന്നത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും 25,000 രൂപ എന്ന നിരക്കിൽ പരമാവധി ആനുകൂല്യം 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതാണ്.

2. യഥാർത്ഥ പ്രാക്ടീസ് ഉടരുന്ന സമയത്ത് മരണപ്പെടുന്ന ഒരംഗത്തിന്റെ നാമനിർദ്ദേശം ചെയ്യുന്ന ആളിനോ അല്ലെങ്കിൽ നിയമാനുസൃത അവകാശിക്കോ അനുവദിക്കുന്ന പരമാവധി ആനുകൂല്യം 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതാണ്.

3. ഫണ്ടിലെ അംഗങ്ങൾക്ക് മേജർ ശസ്ത്രക്രിയ ഉൾപ്പെടുന്ന ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്ന സംഗതിയിലോ കാൻസർ ചികിത്സയ്ക്കും മറ്റ് ഗുരുതര രോഗങ്ങൾക്കുംവേണ്ടിയോ 3 വർഷക്കാലയളവിലേയ്ക്ക് ഒരു ലക്ഷം രൂപ നൽകുന്നതിന് വ്യവസ്ഥ ചെയ്തു.

4. 30 വയസ്സ് പൂർത്തിയാക്കാത്തതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തതുമായ ഒരു അഭിഭാഷകന് ട്രസ്റ്റി കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിൽ സ്റ്റൈപ്പന്റ് നൽകുന്നതിന് വ്യവസ്ഥ ചെയ്തു. അതിൻപ്രകാരം കേരള അഭിഭാഷക ക്ഷേമനിധിയിൽനിന്നും പ്രതിമാസം 5,000 രൂപ (അയ്യായിരം രൂപ മാത്രം) നിരക്കിൽ സ്റ്റൈപ്പന്റ് അനുവദിക്കുന്നതിന് 9-3-2018-ലെ സ.ഉ.(എം.എസ്.) നമ്പർ 36/2018/നിയമം പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതുമാണ്.

(ബി) 30 വയസ്സ് പൂർത്തിയാക്കാത്തതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തതുമായ ഒരു അഭിഭാഷകന് ട്രസ്റ്റി കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിൽ സ്റ്റൈപ്പന്റ് നൽകുന്നതിന് വ്യവസ്ഥ ചെയ്തു. അതിൻപ്രകാരം കേരള അഭിഭാഷക ക്ഷേമനിധിയിൽനിന്നും പ്രതിമാസം 5,000 രൂപ (അയ്യായിരം രൂപ മാത്രം) നിരക്കിൽ സ്റ്റൈപ്പന്റ് അനുവദിക്കുന്നതിന് 9-3-2018-ലെ സ.ഉ.(എം.എസ്.)നമ്പർ 36/2018/നിയമം പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതുമാണ്.